കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെങ്ങളായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.3/1417/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്,കണ്ണൂർ
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in

തിയ്യതി :20.09.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

ചെങ്ങളായി ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- ചെങ്ങളായി ഗ്രാമപഞ്ചായത്ത് --- 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി

നം കെ. എസ്. എ. /കെ.എൻ.ആർ./സി.3/1417/2017 തീയതി : 20.09.2017

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ

2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആമുഖം

ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.12.2016 മുതൽ 31.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 27 അന്വേഷണക്കുറിപ്പുകളിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ അന്വേഷണക്കുറിപ്പുകളുടെ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിനിയോഗിച്ച സമയം : 01-08-2017 മുതൽ 07-08-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.എം പി ശശികുമാർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |

| | | |
|---|---|---|
| 2 | ശ്രീ. ഗണേശൻ കേളോത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീമതി.സബിത.കെ | ഓഡിറ്റർ |
| 4 | ശ്രീമതി.ബിസ്മി.എസ്.നായർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.രത്നകുമാരി | 01-04-2016 മുതൽ 31-03-17 വരെ |
| സെക്രട്ടറി | ശ്രീ. കെ.വി.ഹരിദാസ് | 01-04-2016 മുതൽ 15-02-2017 വരെ |
| | ശ്രീ.ശശീന്ദ്രൻ.പി.കെ(അസിസ്റ്റന്റ് സെക്രട്ടറി--അധിക ചുമതല) | 16-02-17 മുതൽ 19-02-17 വരെ |
| | ശ്രീ.അനിൽ കുമാർ .എൻ | 20-02-17 മുതൽ 31-03-17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | ശ്രീ.ബിജു ജോസഫ് | 01-04-2016 | 31-03-2017 |
| 2 | വി.ഇ.ഒ -ചുഴലി സർക്കിൾ | ശ്രീമതി. ബിന്ദു കെ..കെ | 01-04-2016 | 31-03-2017 |
| | വി.ഇ.ഒ –ചെങ്ങളായി സർക്കിൾ | ശ്രീ.രാജീവൻ.കെ. | 01-04-2016 | 21-09-2016 |
| | | ശ്രീമതി. ബിന്ദുകെ..കെ | 22-09-16 | 21-11-2016 |

| | | | | |
|---|---|---|---|---|
| | | ശ്രീ.അജീഷ്.എം.പി | 22-11-16 | 31-03-2017 |
| 3 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.രശ്മി മാത്യു | 01.04.2016 | 24-10-2016 |
| | | ഡോ.കല .കെ.മാധവൻ | 25.10.2016<br>03.12.2016 | 02.11.2016<br>31-01-2017 |
| | | ഡോ.അംലു നജീബ് | 03.11.2016 | 31.01.2017 |
| | | ഡോ.ഷക്കീർ മുഹമ്മദ് കുഞ്ഞി | 01/02/17 | 31/03/17 |
| 4 | വെറ്റിനറി സർജൻ | ഡോ.ജിൻസ് ജോർജ് | 01-04-2016<br>04-06-16<br>11-07-16 | 02-04-16<br>15-06-16<br>30-07-16 |
| | | ഡോ. അജയ് ലോറൻസ് ഡിസിൽവ | 16-06-16<br>31-07-16 | 10-07-16<br>18-11-16 |
| | | ഡോ.അന്ന ഗോപാൽ | 19-11-16 | 31-03-17 |
| | | ഡോ.ഷിജു.എസ്.വി | 03/04/16 | 03/06/16 |
| 5 | മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.അനുപമ.കെ.എൻ | 01-04-2016 | 31-03-2017 |

| | | | | |
|---|---|---|---|---|
| | | | | |
| 6 | അസി. എഞ്ചിനീയർ | ശ്രീ.ഉല്ലാസൻ.സി.പി | 01-04-2016 | 01-11-2016 |
| | | ശ്രീ.തോമസ് മാത്യു<br>ശ്രീ.സജീവൻ.കെ | 02-11-16<br>20-01-2017 | 19-01-2017<br>31-03-2017 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ചിത്രലേഖ.എ.പി | 01-04-2016 | 30-04-2016 |
| | | ശ്രീമതി.ജയമിനി.കെ | 01-05-2016 | 31-03-2017 |
| 8 | അസി . സെക്രട്ടറി | ശ്രീ.ഷാജികുമാർ.പിആർ<br>സ്മിത എസ് ഹെഡ് ക്ലാർക്ക് അധിക ചുമതല<br>ശ്രീ.മോഹനൻ.കെ.എസ്<br>രമേശൻ കേളോത്ത് (അധിക ചാർജ്ജ്) | 01-04-2016<br>28-09-2016<br>14-10-2016<br>28-12-2016 | 27-09-2016<br>13-10-2016<br>27-12-2016<br>15-01-2017 |
| | | ശ്രീ.ശശീന്ദ്രൻ,പി.കെ | 16-01-2017 | 31-03-2017 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|

| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 11 | 1-11 | പ്രത്യേകാവശ്യത്തിന് ലഭിക്കുന്ന തുകകൾ യഥാസമയം വിനിയോഗിക്കുന്നില്ല. |
| ഭാഗം-2 | | |
| 12 | 2-1 | വസ്തുനികുതി അപാകങ്ങൾ |

| | | |
|---|---|---|
| 13 | 2-2 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് |
| 14 | 2-3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം -അപാകങ്ങൾ |
| 15 | 2-4 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കാൻ<br>വാങ്ങിക്കുന്നതുകയിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നില്ല |
| 16 | 2-5 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ചുമത്താനാകുമോ എന്ന സാഹചര്യം പരിശോധിക്കുന്നില്ല |
| 17 | 2-6 | പരസ്യ നികുതി ഈടാക്കുന്നില്ല. |
| ഭാഗം-3 | | |
| 18 | 3-1 | ഗാർഹിക ബയോഗ്യാസ് ,പൈപ്പ് കമ്പോസ്റ്റ് ഗുണഭോക്തൃവിഹിതം അധികം വാങ്ങിക്കുകയും ഫണ്ട് വകമാറ്റി ചെലവഴിക്കുയും ചെയ്തു |
| 19 | 3-2 | സ്വയം തൊഴിൽ സംരംഭക പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

| | | |
|---|---|---|
| 20 | 3-3 | എസ് എൽ ബി പി പദ്ധതി നടപ്പിലാക്കിയില്ല. |
| 21 | 3-4 | മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കുന്നതിൽ കാലതാമസം -നിയമപരമായ പിഴ ഈടാക്കുന്നില്ല |
| 22 | 3-5 | എ ബി സി പദ്ധതി വിനിയോഗസാക്ഷ്യപത്രം -ഹാജരാക്കേണ്ടതാണ്. |
| 23 | 3-6 | തുടർ സാക്ഷരത -പദ്ധതി മാർഗ്ഗരേഖ പ്രകാരം തുക ചെലവഴിച്ചില്ല |
| 24 | 3-7 | പൂരിത പോഷകാഹാരമായ അമൃതംന്യൂട്രിമിക്സ് -യഥാസമയം ലഭിക്കുന്നില്ല |
| 25 | 3-8 | ഐ.എ.വൈ ഭവന പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ 50,000രൂപ തടസ്സപ്പെടുത്തുന്നു. |
| 26 | 3-9 | നീർത്തടവികസന പരിപാടി-ചെലവ് രേഖ ഹാജരാക്കിയില്ല-തുക തടസപ്പെടുത്തുന്നു |
| 27 | 3-10 | പച്ചക്കറി വികസന പദ്ധതി (സ്വാശ്രയം ഗ്രൂപ്പുകൾ) -അനുബന്ധരേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക 54000 രൂപ തടസപ്പെടുത്തുന്നു. |
| 28 | 3-11 | ഡി ബി ടി പെൻഷൻ -അപാകങ്ങൾ |

| | | |
|---|---|---|
| | | |
| 29 | 3-12 | രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ പദ്ധതി :തുക സമയബന്ധിതമായി ഉപയോഗിക്കുന്നില്ല. |
| 30 | 3-13 | പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 31 | 3-14 | ഭവനപുനരുദ്ധാരണത്തിന് ആദ്യ ഗഡുക്കൾ കൈപ്പറ്റി നാളിതുവരെയായി പ്രവൃത്തി പൂർത്തീകരിച്ചില്ല |
| ഭാഗം 4 | | |
| 32 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 33 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 34 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 35 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 36 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 37 | 4-6 | ഓഡിറ്റ് റിക്കവറി |
| 38 | 4-7 | ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം |

| | | |
|---|---|---|
| 39 | 4-8 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 40 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 41 | 4-10 | ഓഡിറ്റ് ഇംപാക്ട് |
| 42 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 43 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 44 | Appendix- 2 | Income&Expenditure Statement |
| 45 | Appendix- 3 | Receipt& Payment Statement |
| 46 | Appendix- 4 | Balance Sheet |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 04-03-2016 തീയതിയിലെ 66/2016 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 6532000 |

| | |
|---|---|
| വരവ് | 120571000 |
| ആകെ | 127103000 |
| ചെലവ് | 119574000 |
| നീക്കിയിരിപ്പ് | 7529000 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-2017 | 31-07-2017 | 29-06-2017 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

:

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-2017 | 04-08-2017 | കെ.എസ്.എ/ കെ.എൻ.ആർ/ സി 3- /2017 തീയ്യതി 20.09.2017 | വിശേഷണങ്ങളോട്ടു കൂടിയത് |

ന്യൂനതകൾ

1.വസ്തുനികുതിയിനത്തിൽ ഡിമാന്റ് ,കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത

പരിശോധിക്കുവാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2.ദുരിതാശ്വാസ നിധിയിനത്തിൽ B2 ഷെഡ്യൂളിലെ തുകയും B17 ഷെഡ്യൂളിലെ തുകയും പൊരുത്തപ്പെടുന്നില്ല.

3.ലോൺ ഇനത്തിൽ B4 ഷെഡ്യൂളിലെ തുകയും B16 ഷെഡ്യൂളിലെ തുകയും പൊരുത്തപ്പെടുന്നില്ല.

4.Remission / write off എന്നീ ഇനങ്ങളിലെ തുകകൾ തൻവർഷത്തെ വാർഷിക അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല.

5.ആസ്തി രജിസ്ററർ കാലികമാക്കാത്തതിനാൽ B11 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

6.ഡെപ്പോസിറ്റ് രജിസ്ററർ കാലികമാക്കിയിട്ടില്ല.

7.വാർഷിക അക്കൗണ്ടിൽ സെക്രട്ടറി ഒഴികെയുള്ള മറ്റ് നിർവഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടുകളിലെ വാറ്റ്, ഐ.ടി., നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നീ റിക്കവറികളുടെ വിവരം കാണിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം.

സ്ഥാപനത്തിന്റെ 2016-2017വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 22416415 |
| വരവ് | 50776604 |
| ആകെ | 73193019 |
| ചെലവ് | 48000524 |
| നീക്കിയിരിപ്പ് | 25192495 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാത്ത തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് | 13560232 | 10644436 | 2915796 | 0 | 78.49 |

| | | | | | |
|---|---|---|---|---|---|
| പൊതുവിഭാഗം | | | | | |
| വികസനഫണ്ട് എസ്.സി.പി. | 4440828 | 2317591 | 2123237 | 0 | 52.18 |
| വികസനഫണ്ട് ടി.എസ്.പി. | 15687 | 15687 | 0 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 5199804 | 1776983 | 3422821 | 0 | 34.17 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 3662547 | 3085332 | 577215 | 0 | 84.24 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7604900 | 1370026 | 6234874 | 0 | 18.01 |
| പെർഫോമൻസ് ഗ്രാന്റ് | 4118912 | 1234814 | 2884098 | 0 | 29.97 |

മറ്റ് ഫണ്ടുകളുടെ വിവരം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 898 | 16050735 | 16051633 | 16045215 | 6418 | 99.96 |
| ബി. ഫണ്ട് | 0 | 46320555 | 46320555 | 46320555 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീക രിച്ച പ്രോജക്ടു കളുടെ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | (എണ്ണം) | | ശതമാനം |
| 2016-17 | 182 | 79320450 | 102 | 27972287 | 5 | 80 | 56.04 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17-ൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 12.7 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2927613 | 3851859 | (+)924246 | (+)31.57 |
| നികുതിയേതര വരവുകൾ | 1492846 | 1225254 | (-)267592 | (- )17.92 |
| മറ്റുവരവുകൾ | 164310 | 91374 | (-)72936 | (-)44.38 |
| ആകെ | 4584769 | 5168487 | (+)583718 | (+ )12.7 |

# 1-8 ക്ഷേമപദ്ധതികൾ

2016-2017 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 414480 | 256 |
| കർഷകതൊഴിലാളി പെൻഷൻ | 7004000 | 728 |
| വിധവാപെൻഷൻ | 15787920 | 1227 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 18817745 | 1663 |
| വികലാംഗപെൻഷൻ | 3486150 | 364 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 570260 | 50 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 240000 | 8 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-07-2017 മുതൽ 22-07-17 വരെ | 01-06-2017 മുതൽ 30-06-2017 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-07-2006 മുതൽ 10-08-2006 വരെ | 1997-98 മുതൽ 2005-06 വരെ | 20-09-2006 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02-08-2017 ന് 3 pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21561/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 പ്രത്യേകാവശ്യത്തിന് ലഭിച്ച ധനസഹായം -യഥാസമയം വിനിയോഗിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്ക് ലഭിച്ചതും 31-03-17 ൽ ചെലവഴിക്കാൻ ബാക്കിയുള്ളതുമായ തുകയുടെ വിശദവിവരം വിവരം ചുവടെ കൊടുക്കുന്നു.

| നീക്കിയിരിപ്പ് തുക | വിശദാംശങ്ങൾ | തുക നീക്കിയിരിപ്പുള്ള അക്കൗണ്ട് |
|---|---|---|
| 1500000 | ആർ.ജി.പി.എസ്.എ. ഫണ്ട് | ട്രഷറി ടി.എസ്.ബി |
| 76641 | എം.പി ഫണ്ടിനത്തിലെ തുക | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ എം.പി ഫണ്ട് അക്കൗണ്ട് |
| 1338961 | ശുചിത്വമിഷനിൽ നിന്നും ലഭിച്ച 13,24,200/-രൂപയും, മഴക്കാല പൂർവ്വ ശുചീകരണത്തിനായി ലഭിച്ച തുകയിലെ നീക്കിയിരിപ്പുള്ള 14,761/- രൂപയും | 13,24,200/-രൂപ എസ്.ബി.ഐ അക്കൗണ്ടിലും, 14,761/- രൂപ ചെങ്ങളായി സർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിലും |
| 817616 | ഐ.സി.ഡി.എസ് പദ്ധതിക്ക് വേണ്ടി സെൻട്രൽ ഷെയർ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിൽനിന്നും ലഭിച്ച തുക | ചെങ്ങളായിസർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| 15642 | സോളിഡ് വേസ്റ്റ് മേനേജ്മെന്റിനത്തിൽ ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക | സർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| 1600000 | ആലുവച്ചകരി ശ്മശാനം ഗ്യാസ് ചൂള നിർമ്മാണത്തിന് ജില്ലാ പഞ്ചായത്തിൽനിന്നും ലഭിച്ചത് | സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| 3043797 | മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ഭവന പുനരുദ്ധാരണത്തിന് | ട്രഷറി ടി.എസ്.ബി |

| | | |
|---|---|---|
| | ലഭിച്ചത് | |
| 323430 | നെൽകൃഷി വികസനം, സാന്ത്വന പരിചരണം എന്നിവയ്ക്ക് ലഭിച്ചത് | സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| 2102106 | മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്തിൽ നിന്നും എസ്,സി ഭവന നിർമ്മാണത്തിന് ലഭിച്ചത് | ട്രഷറി ടി.എസ്.ബി |
| 311450 | നിർമ്മൽ പുരസ്കാരമിനത്തിൽ ലഭിച്ച തുക | സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| 720520 | പശ്ചിമഘട്ട വികസന പദ്ധതിക്കുള്ള തുക | കേരള ഗ്രാമീണ ബാങ്കിലുള്ള WGDP അക്കൗണ്ടിൽ |
| 15000 | കേരളോത്സവം | സർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| 6418 | NREGA ഫണ്ടിനത്തിൽ ലഭിച്ച തുക | കേന്ദ്ര ഗ്രാമീൺ ബാങ്കിലുള്ള NREGA അക്കൗണ്ട് |
| 30706 | എക്സൈസ് വകുപ്പിൽ നിന്നും ലഭിച്ച 25000/-രൂപ | 25000/-രൂപ (ട്രഷറി അക്കൗണ്ടിൽ), 5706/- രൂപ (സർവീസ് സഹകരണ ബാങ്കിൽ) |

വിനിയോഗിക്കാൻ ബാക്കിയുള്ള തുക സത്വരമായി വിനിയോഗിക്കേണ്ടതും, ചെലവ് കഴിഞ്ഞ് ബാക്കിയുള്ള തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരിച്ചടക്കേണ്ടതുമാണ്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി അപാകങ്ങൾ

**ചെങ്ങളായി ഗ്രാമ പഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച രജിസ്റ്ററുകൾ ഫയലുകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.**

1.ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 134 പ്രകാരം നിർമ്മാണത്തിന് മുമ്പ് പെർമിറ്റെടുത്തെങ്കിലും ,പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം പൂർത്തീകരിക്കുകയും അത്തരം വ്യതിയാനം നിലവിലുള്ള ചട്ടങ്ങൾ പാലിച്ചിട്ടുമുണ്ടെങ്കിൽ പെർമിറ്റിൽ നിന്ന് അധികരിച്ച ഭാഗത്തിന് ചട്ടം 135 പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കി സെക്രട്ടറിക്ക് ക്രമവൽക്കരിക്കാവുന്നതാണ്. അനുവദിച്ച പെർമിറ്റിൽ നിന്നും അധികമായി നിർമ്മാണ പ്രവർത്തനം നടത്തിയ കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകൻ/വാർഡ് /കെട്ടിട നം | പെർമിറ്റ് പ്രകാരം അനുവദിച്ച കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | പൂർത്തിയായ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | ഈടാക്കിയ ക്രമവൽക്കരണ ഫീസ്/ രസീത് നം./ തിയ്യതി | ഈടാക്കേണ്ടിയിരുന്ന ക്രമവൽക്കരണ ഫീസ് ₹ | കുറവ് ₹ |
|---|---|---|---|---|---|---|
| 1 | കോയാടൻ കുഞ്ഞിരാമൻ നമ്പ്യാർ VII/239A | 105.19 പെർമിറ്റ് നം.എ4-1571/ 2015 തി.09-03-2015 | 153.19 | ₹132 101291 31-05-2016 | 288 | 156 |
| 2 | കാരക്കാട്ട് റോസമ്മ III/98C | 128.19 പെർമിറ്റ് നം.എ4-3956 /2015 തി.13-07-2015 | 133 | - | 29 | 29 |
| 3 | ചേനായി പുതിയ പുരയിൽ അബ്ദുൾ ലത്തീഫ് | 241.78 പെർമിറ്റ് നം.എ4-5180 | 256 | - | 86 | 86 |

| | | | | | | |
|---|---|---|---|---|---|---|
| | | /2015 തി.15-10-2015 | | | | |
| 4 | നാരായണൻ പുളുക്കൽ | 106.58 പെർമിറ്റ് നം.എ4-4125 /2015 തി.27-07-2015 | 118 | - | 69 | 69 |
| | ആകെ | | | | 132 | 472 |

2.പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങൾക്ക് നമ്പർ നൽകി

കെട്ടിട നിർമ്മാണത്തിന് അനുവദിച്ച പെർമിറ്റ് കാലയളവിനുള്ളിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പെർമിറ്റ് കാലാവധിക്കുള്ളിൽ തന്നെ പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ച് കാലാവധി നീട്ടി വാങ്ങേണ്ടതാണ് .എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ ഇപ്രകാരം പെർമിറ്റ് പുതുക്കിയിട്ടില്ല. പെർമിറ്റ് കാലാവധി കഴിഞ്ഞ് നിർമ്മാണം പൂർത്തിയായ ഈ കെട്ടിടങ്ങൾക്ക് ക്രമവൽക്കരണം കൂടാതെ നമ്പർ നൽകിയതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമ | വാർഡ്/കെട്ടിട നം | സാക്ഷ്യപത്രം നമ്പർ/തിയ്യതി | നമ്പർ നൽകിയ തിയ്യതി |
|---|---|---|---|---|
| 1 | ബാലചന്ദ്രൻ ചാലങ്ങോടൻ മുതൽ 7 പേർ | XVII/408B | A2-7252/12 01-12-2012 | 22-07-2016 |
| 2 | പ്ലവനാക്കുഴിയിൽ ബിനു സ്കറിയ | IV/23A | B2-5231/2011 01-12-2011 | 17-08-2016 |
| 3 | പിലാക്കുന്നുമ്മൽ കുറ്റ്യാട്ട് ഗണേശൻ | XVI/122C | A4-6892/2013 05-11-2013 | 20-12-2016 |
| 4 | പഴയപുരയിൽ രാജേഷ് | X/8A | B1-8453/2012 14-01-2013 | 30-11-2016 |
| 5 | പയ്യൻ പുത്തൻവീട്ടിൽ പ്രദീപൻ | XVIII/373B | B1-920/2012 30-03-2012 | 05-08-2016 |

3.സത്യവാങ്മൂലം വാങ്ങുന്നില്ല

60 ച.മീ ന് താഴെ തറവിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വസ്തുനികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത് ഒരു കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ള സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന ഒരു വാസഗൃഹത്തിനായി മാത്രം പരിമിതപ്പെടുത്തണം. തന്റെ ഉടമസ്ഥതയിൽ മറ്റ് കെട്ടിടങ്ങൾ ഇല്ല എന്ന് കാണിക്കുന്ന സത്യവാങ്മൂലം കെട്ടിടഉടമയിൽ നിന്ന് വാങ്ങി സൂക്ഷിക്കേണ്ടതാണ്.എന്നാൽ ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കുന്നില്ല.2016-17 കാലയളവിൽ ഇത്തരത്തിൽ വസ്തുനികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമ | വാർഡ്/കെട്ടിട നമ്പർ |
|---|---|---|
| 1 | നെല്ലംകുഴി ത്രേസ്യാമ്മ | II/320A |
| 2 | പുതിയകത്ത് അലീമ മുതൽപേർ | XI/403A |
| 3 | പ്രശാന്ത് കുമാർഎം | XII/261A |
| 4 | കല്ലേൻ ബിന്ദു | IX/332A |
| 5 | കടുത്താറ്റ് രാജപ്പൻ | IV/74A |
| 6 | പാറപ്പുറത്ത് കൊമ്മേൻവളപ്പിൽ അബ്ദുൾ കരീം | X/50A |
| 7 | മുകളേൽ വിജയമ്മ | II/372C |
| 8 | പടിക്കേരി ഉണ്ണികൃഷ്ണൻ | XVII/549B |
| 9 | കളപ്പുരക്കൽ നിബു അബ്രഹാം | VII/438A |
| 10 | മുനമ്പത്ത് പുതിയ പുരയിൽ സമീറ | XVI/428A |
| 11 | പുതിയ പുരയിൽ രജീഷ് | I/343A |
| 12 | ചാലേൻ രവീന്ദ്രൻ | IX/30B |
| 13 | വെള്ളിക്കേൽ കനകരാജ് | VI/366B |
| 14 | ആരംഭൻ അനിത | IX/9D |
| 15 | ആറ്റുകുഴി മാത്യു | XVI/284A |
| 16 | പുതിയ പുരയിൽ സുനേഷ് | XVII/545A |
| 17 | ബാലചന്ദ്രൻ സി.വി. | XV490A |
| 18 | തലവിൽ പുതിയ പുരയിൽ | XII74C |

| | | |
|---|---|---|
| | ഷൈജ്ജ | |
| 19 | മാടത്തിൽ ആഷിഖ് ബഷീർ | XVII549D |
| 20 | ആലം വളപ്പിൽ സുരേഷ് | VI/560B |
| 21 | തേലക്കാടൻ പുരുഷോത്തമൻ | XVI/480A |
| 22 | പുതിയ പുരയിൽ ഇന്ദിര | II/86C |

4.നികുതി ഒഴിവാക്കിയതായി കാണുന്നു.

ചെങ്ങളായി ഗ്രാമ പഞ്ചായത്തിലെ 10-ാം വാർഡിൽ പാറപ്പുറത്ത് കൊമ്മേൻ വളപ്പിൽ അബ്ദുൾ കരിം എന്നയാളുടെ ഉടമസ്ഥതയിൽ നിർമ്മിച്ച 59 ച.മീ.വിസ്തീർണ്ണമുള്ള വാസഗൃഹം (കെട്ടിട നം.X/50A)വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. കെട്ടിട ഉടമ നമ്പറിംഗിനായി നൽകിയ അപേക്ഷയോടൊപ്പം ഹാജരാക്കിയ സൈറ്റ് പ്ലാനിൽ ഇതേ പ്ലോട്ടിൽ മറ്റൊരു കെട്ടിടം (വാസഗൃഹം,കെട്ടിട നം.X/50)നിലനിൽക്കുന്നതായി കാണുന്നു.രണ്ട് കെട്ടിടങ്ങളും ഒരാളുടെ ഉടമസ്ഥതയിലാണെന്ന് സഞ്ചയ സോഫ്റ്റ് വേർ ഡാറ്റയിൽ നിന്നും വ്യക്തമാണ്. കെട്ടിട ഉടമക്ക് ഒന്നിലധികം കെട്ടിടങ്ങൾ ഉണ്ട് എന്ന് ഫോം-6(സഞ്ചയ)-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.ഒന്നിലധികം വാസഗൃഹങ്ങൾ ഒരു വ്യക്തിക്ക് ഉണ്ടായിരിക്കേ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയത് ശരിയായ നടപടിയല്ല. കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച് മുൻകാലപ്രാബല്യത്തോടെ ഈടാക്കേണ്ടതാണ്.

5.ആവശ്യമായ രേഖകൾ ഹാജരാക്കാത്ത കെട്ടിടത്തിന് നമ്പർ നൽകി

ചെങ്ങളായി ഗ്രാമ പഞ്ചായത്തിലെ 17-ാം വാർഡിൽ ഉന്തക്കാച്ചിരകത്ത് സാറ എന്നവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച285A കെട്ടിടത്തിന് നമ്പർ നൽകുന്നതിനുള്ള അപേക്ഷയിൽ എ4-4309/2016 തിയ്യതി.09-11-2016 കത്ത് പ്രകാരം ആധാരത്തിലെ ഭൂമിയുടെ തരം "നിലം"എന്ന് കാണുന്നതായും ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി വാങ്ങി സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.എന്നാൽ അനുമതി വാങ്ങി സമർപ്പിച്ചതായി കാണുന്നില്ല. പ്രസ്തുത കെട്ടിടത്തിന് 13-12-2016 ൽ നമ്പർ നൽകിയതായി കാണുന്നു.ആവശ്യമായ രേഖകൾ ഹാജരാക്കാതെ നമ്പർ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം.20/16-17 തി.5-08-2017) സ്ഥലം തണ്ണീർത്തട ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എന്നും എൻ.ഒ.സി.നൽകിയ സാഹചര്യം പരിഗണിച്ചും സ്ഥലത്ത് പോയി പരിശോധിച്ച് കരഭൂമിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലുമാണ് നമ്പർ അനുവദിച്ചത് എന്ന് മറുപടി ലഭ്യമാക്കി.എന്നാൽ മേൽ നടപടികൾ വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

6.ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടം ക്രമവൽക്കരണം നടത്താതെ നികുതി നിർണ്ണയം നടത്തി.

പുതുവേലിയിൽ ജോയി എന്ന ആളുടെ 30-08-2016 ലെ അപേക്ഷ പ്രകാരം (തപാൽ നം.4137/16-തി.30-08-2016) അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള 17-ാം വാർഡിലെ 378A നമ്പർ വാസഗൃഹത്തിന് ഘടനാപരമായി മാറ്റം വരുത്തിയതായും ആയതിനാൽ വസ്തു നികുതി

പുതുക്കി നൽകുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 20-12-2016 ന് പുതിയതായി നികുതി നിർണ്ണയം നടത്തിയതായും കാണുന്നു. 2016-17 രണ്ടാം അർദ്ധ വർഷം മുതൽ ഈ നിരക്കിൽ വസ്തു നികുതി ഡിമാന്റ് ചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് ഘടനാപരമായി മാറ്റം വരുത്തുന്നതിനായി ടിയാൻ പഞ്ചായത്തിന്റെ അനുമതി വാങ്ങിയിട്ടില്ല. അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചിട്ടില്ല. അനധികൃത നിർമ്മാണം ക്രമവൽക്കരിക്കേണ്ടതാണ്.

7.വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവ്-സർക്കാർ അംഗീകാരം തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

ചെങ്ങളായി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും സൽസബീൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ ,നെട്ടുവാലൂർ സെന്റ് തോമസ് സ്കൂൾ എന്നീ അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നു.എന്നാൽ ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല.പ്രസ്തുത സ്ഥാപനങ്ങളുടെ സർക്കാർ അംഗീകാരം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.സർക്കാർ അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

8. അനധികൃത കെട്ടിടങ്ങൾ-ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

ചെങ്ങളായി ഗ്രാമ പഞ്ചായത്തിന്റെ അനധികൃത ബിൽഡിംഗ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിച്ചിട്ടുള്ളതാണ്.

| ക്രമ നം. | കെട്ടിടഉടമയുടെ പേര് | കെട്ടിടം ഉൾപ്പെടുന്ന വിഭാഗം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|
| 1 | മാടാളന്റകത്ത് പുതിയപുരയിൽ അബ്ദുൾ റഷീദ് | വാണിജ്യം | 150 ച.മീ. |
| 2 | മാടാളന്റകത്ത് പുതിയപുരയിൽ ഖദീജ | വാണിജ്യം | 150 ച.മീ. |

മുകളിൽ പറഞ്ഞ കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനായി നിർമ്മിച്ചവയാണ്. കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ഡി&ഒ ലൈസൻസ് ഇല്ലാതെയാണോ മേൽ കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് എന്നും ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/16-17 തി.05-08-2017)ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിർത്തലാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.കേ.പ.രാ.ആക്ട് ,സെക്ഷൻ 232(1) പ്രകാരം മനുഷ്യജീവനോ ആരോഗ്യത്തിനോ

വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല.ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

9.കുറഞ്ഞനിരക്കിൽ നികുതി ഈടാക്കി

ചെങ്ങളായി ഗ്രാമ പഞ്ചായത്തിലെ2016-17 വർഷത്തെ ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധിക്കുമ്പോൾ 18-ാം വാർഡിൽ കെട്ടിട നം.434 ൽ സിമൻറ് ഡിപ്പോ പ്രവർത്തിക്കുന്നതായി കാണുന്നു. പ്രസ്തുത കെട്ടിടം ചുഴലി സർവ്വീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള 162 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടമാണ്. ഈ കെട്ടിടത്തിന് വസ്തുനികുതി കണക്കാക്കിയിരിക്കുന്നത് വ്യവസായങ്ങളോടൊന്നിച്ചുള്ള ഓഫീസുകൾക്ക് ഈടാക്കുന്ന നിരക്കായ രൂപ45/ച.മീ.ലാണ്. പ്രസ്തുത കാര്യം ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക്(നം.24/16-17 തി.05-08-2017) മേൽ കെട്ടിടം കച്ചവട ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടമാണ് എന്ന് മറുപടി ലഭ്യമാക്കി. ചെങ്ങളായി ഗ്രാമ പഞ്ചായത്തിന്റെ എ2-4584/2011 തിയ്യതി.12-06-2012 വസ്തുനികുതി നിർണ്ണയം സംബന്ധിച്ച അറിയിപ്പ് പ്രകാരം 100 ച.മീ.ന് മുകളിൽ വിസ്തീർണ്ണം ഉള്ള ഷോപ്പുകൾക്ക് രൂപ60/ച.മീ.നിരക്കിലാണ് വസ്തുനികുതി ഈടാക്കേണ്ടത്. ഇത്തരത്തിൽ കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കിയതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | വാർഡ്/കെട്ടിട നമ്പർ | വാർഷിക വസ്തു നികുതി @45/ച.മീ(162 ച.മീ. ,ഇളവ് -20%) | വാർഷിക വസ്തു നികുതി @60/ച.മീ(162 ച.മീ. ,ഇളവ് -20%) | കുറവ് |
|---|---|---|---|---|
| ചുഴലി സർവ്വീസ് സഹകരണ ബാങ്ക് | XVIII/434 | 6124 | 7776 | 1652 |

പുതുക്കിയ നിരക്കിൽ വസ്തുനികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

## 2-2 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

ചെങ്ങളായി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷം ഏതാനും കെട്ടിടങ്ങളുടെ പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | അപേക്ഷകൻ/ | പെർമിറ്റ് നം/ | ഈടാക്കിയ | ഈടാക്കേണ്ടിയിരുന്ന | കുറവ് |
|---|---|---|---|---|---|

| നം | | തിയ്യതി/ പെർമിറ്റ് പ്രകാരം അനുവദിച്ച കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | പെർമിറ്റ് ഫീസ്/ രസീത് നം./ തിയ്യതി | പെർമിറ്റ് ഫീസ് ₹ | ₹ |
|---|---|---|---|---|---|
| 1 | തായലെ പുതിയ പുരയിൽ അയ്യൂബ് & അക്കരമ്മൽ പുരയിൽ ഷമീറ | എ4-5131/16 തി.04-02-2017 142.71 ച.മീ. | ₹343 4390 04-02-2017 | 428 | 85 |
| 2 | ബൈത്തല പുതിയ പുരയിൽ ആയിഷ | എ4-3947/16 തി.04-11-2016 122.56 ച.മീ. | ₹338 3327 04-11-2016 | 368 | 30 |
| 3 | കൊവ്വൽ പുതിയ പുരയിൽ ഷമീം & കുളോത്ത് പീടികയിൽ സറീന | എ4-4275/16 തി.03-02-2017 130.7 ച.മീ. | ₹314 4380 03-02-2017 | 392 | 78 |
| | ആകെ | | | | 193 |

കുറവ് വന്ന തുക ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-3 <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം -അപാകങ്ങൾ</u>

(എ)മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചത് കൃത്യതയില്ല

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയറിൽ മൊബൈൽ ടവറിന്റെ വസ്തുനികുത നിർണ്ണയം നടത്തിയതിന്റെ പരിശോധന നടത്തിയതിൽ പ്രകാരം ആകെ 8 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | വാർഡിന്റെ പേര് | വാർഡ് നം/ കെട്ടിട നം | വസ്തുനികുതി നിർണ്ണയത്തിന് കണക്കാക്കിയ വിസ്തീർണ്ണം |
|---|---|---|---|
| 1 | നിടുവാലൂർ | 7/415 | 14m2 |
| 2 | ചെങ്ങളായി | 9/620A | 9m2 |
| 3 | പരിപ്പായി | 10/100A | 25m2 |
| 4 | പരിപ്പായി | 10/101 | 11m2 |
| 5 | പെരുന്തലേരി | 14/465A | 17m2 |
| 6 | തട്ടേരി | 17/332 | 20m2 |
| 7 | തട്ടേരി | 17/338 | 14m2 |
| 8 | മുണ്ടത്തടം | 18/342 | 30m2 |

ഇപ്രകാരം വസ്തുനികുതി നിർണ്ണയം നടത്തിയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട മൊബൈൽ ടവറുകളുടെ ഫയൽ ഹാജരാക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/2016-17 dt 04-08-2017) മറുപടിയായി 2016-17 വർഷത്തിൽ മൊബൈൽ ടവറുകൾക്ക് നമ്പർ അനുവദിച്ചിട്ടില്ലയെന്ന മറുപടിയാണ് ഹാജരാക്കിയത്.ആയതിനാൽ നിലവിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്ക് അനുവദനീയമായ മുഴുവൻ വസ്തുനികുതിയും ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മൊബൈൽ ടവറിന്റെ വസ്തുനികുതി കണക്കാക്കുമ്പോൾ ടവറിന്റെ ഡീസൽ ജനറേറ്റർ ഉൾപ്പെട്ട ഭാഗം, ടവറിന്റെ സ്പാൻ ഉൾപ്പെടുന്ന ഭാഗം,ടവറിനോടനുബന്ധിച്ചുള്ള ഷെൽട്ടർ ഉൾപ്പെടുന്ന ഭാഗം എന്നിവ കൂടി കണക്കാക്കി വേണം നികുതി നിർണ്ണയിക്കേണ്ടത്.

ഓഡിറ്റ് എൻക്വയറിയിൽ മൊബൈൽ ടവറുകളുടെ ടവർ സ്പാൻ ഭാഗം ഉൾപ്പെടെയാണോ വസ്തുനികുതി നിർണ്ണയിച്ചതെന്നതിന് ഇത് ബാധകകല്ലയെന്ന മറുപടിയാണ് ലഭ്യമാക്കിയത്.ജി ഒ (ആർ ടി ) നം 707/2014 തീയ്യതി 07-03-2014 പ്രകാരം മൊബൈൽ ടവറിന്റെ സ്പാൻ ഉൾപ്പെടെയുള്ള ഭാഗം കൂടി പരിഗണിച്ചുവേണം മൊത്തം വസ്തുനികുതി നിർണ്ണയിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മൊബൈൽ ടവറുകളുടെ സ്പാനുകളുടെ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം ചെയ്യേണ്ടതാണ്.

(ബി)ബി എസ് എൻ എൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ രണ്ട് ബി എസ് എൻ എൽ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് 05-08-2017 ലെ 24/2016-17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ ഈ രണ്ട് മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ലയെന്നും അറിയിച്ചിട്ടുണ്ട്. ജി.ഒ(ആർ.ടി.)2640/2012 തസ്വഭവ 19-09-2012 പ്രകാരം ബി എസ് എൻ എൽ മൊബൈൽ ടവറുകളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കണമെന്ന ബി എസ് എൻ എൽ ചീഫ് മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തി നികുതി ഈടാക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കാൻ വാങ്ങിക്കുന്നതുകയിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് ആക്ട് 1996 (ആക്ട് ഓഫ് 1996 ) ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ് തുകയുടെ 1% ചെലവിന്റെ ഉറവിടത്തിൽ നിന്നു തന്നെ വസൂലാക്കി കേരള കെട്ടിട നിർമ്മാണക്ഷേമനിധി ബോർഡിൽ അടക്കുന്നതിനും ഇപ്രകാരം വസൂലാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജിനത്തിൽ അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കി തനത് ഫണ്ടിൽ ഒടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം നാളിതുവരെയായി ഗ്രാമപഞ്ചായത്ത് കളക്ഷൻ ചാർജിനത്തിൽ തുക ഈടാക്കിയിട്ടില്ല. 2016-17ൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് 70443രൂപ ഈടാക്കിയിട്ടുണ്ട്.ആയതിൽ നിന്നും കളക്ഷൻ ചാർജിനത്തിൽ തുക ഈടാക്കിയിട്ടുണ്ടോയെന്ന് അന്വേഷിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുടർ വർഷങ്ങളിൽ കേരള കെട്ടിട നിർമ്മാണക്ഷേമനിധി ബോർഡിൽ അടക്കുന്നതിനും ഇപ്രകാരം വസൂലാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജിനത്തിൽ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-5 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ചുമത്താനാകുമോ എന്ന സാധ്യത പരിശോധിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെടുന്ന കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ച ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ലഭ്യമാക്കുന്ന സേവനങ്ങൾക്കും നികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 2-6 പരസ്യ നികുതി ഈടാക്കുന്നില്ല.

ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുവരിൻമേലോ പരസ്യപ്പലകയിൻമേലോ എടുപ്പിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ, പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചു കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം പരസ്യ നികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. 209-ാം വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ് എന്ന് സെക്ഷൻ 209 ഡി യിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ഒരു നികുതി ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും യാതൊരു നടപടികളും ഉണ്ടായിട്ടില്ല.

ഇത്തരത്തിലുള്ള വരുമാന സ്രോതസ്സുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗാർഹിക ബയോഗ്യാസ് ,പൈപ്പ് കമ്പോസ്റ്റ് ഗുണഭോക്തൃവിഹിതം അധികം വാങ്ങിക്കുകയും ഫണ്ട് വകമാറ്റി ചെലവഴിക്കുകയും ചെയ്തു

നിർവ്വഹണ ഉദ്യോഗസ്ഥ : വി.ഇ.ഒ

(പ്രോജക്ട് നം.136 /17 )

ബഹുവർഷ പ്രൊജക്ടായി വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി ഗാർഹിക ബയോഗ്യാസ് വിതരണം ചെയ്തിട്ടുണ്ട്.റയ്ഡ്കോവിൽ നിന്നും വാങ്ങിച്ച ബയോ ഗ്യാസിന് ഒരു യൂണിറ്റിന് 8444 രൂപയാണ്. ആയതിന്റെ 50% ശുചിത്വമിഷനും 25% ഗ്രാമപഞ്ചായത്ത് വിഹിതവും 25% ഗുണഭോക്തൃവിഹിതവുമായിട്ടാണ് ചെലവഴിക്കേണ്ടത്. പ്രസ്തുത ബഹുവർഷപ്രൊജക്ടിൽ ആകെ 82 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്.ആയത് പ്രകാരമുള്ള ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

ശുചിത്വമിഷൻ =4222(50%)x82=346204

| ഫണ്ട് നൽകിയത് | വർഷം | നൽകിയ തുക | നൽകേണ്ട തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | 4222(50%)x82 | |
| ശുചിത്വ മിഷൻ | 2014-15 | 147600 | - | ആയത് പ്രകാരം ശുചിത്വമിഷൻ വിഹിതമായി 11398രൂപ കുറവായിട്ടാണ് നൽകിയത്. |
| | 2015-16 | 110700 | - | |
| | 2016-17 | 76506 | - | |
| ആകെ | | 334806 | 346204 | |
| ഗ്രാമപഞ്ചായത്ത് | 2014-15 | 184500 | 173102 (2111(25%)x82) | ആയത് പ്രകാരം പഞ്ചായത്ത് വിഹിതമായി 11398 രൂപ അധികം നൽകിയിട്ടുണ്ട്. |
| ഗുണഭോക്തൃവിഹിതം | 2014-15,2015-16,2016-17 | 184500 | 173102 (2111(25%)x82) | ആയത് പ്രകാരം 11398 രൂപ അധികം ഗുണഭോക്തൃ വിഹിതമായി വാങ്ങിച്ചിട്ടുണ്ട്. |

പ്രസ്തുത തുക ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരിച്ചു നൽകാതെ ഇപ്പോഴും ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ തന്നെ കിടക്കുകയാണ്.അധികം വാങ്ങിയ തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതും ഗ്രാമപഞ്ചായത്തിന് അധികമായി ചെലവായ തുക ശുചിത്വമിഷനിൽ നിന്നും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ii.പൈപ്പ് കമ്പോസ്റ്റ്

ബഹുവർഷ പ്രൊജക്ടായി വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി പൈപ്പ് കമ്പോസ്റ്റും വിതരണം ചെയ്തിട്ടുണ്ട്.റയ്ഡ്കോവിൽ നിന്നും വാങ്ങിച്ച പൈപ്പ് കമ്പോസ്റ്റിന് ഒരു യൂണിറ്റിന് 869 രൂപയാണ്.ആയതിന്റെ 75% ശുചിത്വമിഷനും 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃവിഹിതവുമായിട്ടാണ് ചെലവഴിക്കേണ്ടത്. പ്രസ്തുത ബഹവർഷപ്രൊജക്ടിൽ ആകെ 1380 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്.ആയത് പ്രകാരമുള്ള ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

ശുചിത്വമിഷൻ – 69.75(75%) X 1380 – 899415

| ഫണ്ട് നൽകിയത് | വർഷം | നൽകിയ തുക | നൽകേണ്ട തുക | റിമാർക്സ് |
|---|---|---|---|---|
| ശുചിത്വമിഷൻ | 2014-15 | 378000 | - | ആയത് പ്രകാരം ശുചിത്വമിഷൻ വിഹിതമായി 9117 രൂപ കുറവായിട്ടാണ് നൽകിയത്. |
| | 2015-16 | 283500 | - | |
| | 2016-17 | 228798 | - | |
| ആകെ | | 890298 | 899415 | |
| ഗ്രാമപഞ്ചായത്ത് | 2014-15 | 189000 | 179883 (130.35(15%)x1380) | ആയത് പ്രകാരം പഞ്ചായത്ത് വിഹിതമായി 9117 രൂപ അധികം നൽകിയിട്ടുണ്ട്. |
| ഗുണഭോക്തൃവിഹിതം | 2014-15,2015-16, 2016-17 | 124200 | 119922( 86.90(10%)x1380 | ആയത് പ്രകാരം 4278 രൂപ അധികം വാങ്ങിച്ചിട്ടുണ്ട്. |

പ്രസ്തുത തുക ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരിച്ച് നൽകാതെ ഇപ്പോഴും ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ തന്നെ കിടക്കുകയാണ്.ശുചിത്വമിഷൻ ഫണ്ടും ഗ്രാമപഞ്ചായത്ത് വിഹിതവും ആനുപാതികമായിട്ടല്ല നൽകിയിരിക്കുന്നത്. ഇപ്രകാരം തുക മാറ്റി ചെലവഴിച്ചതിനും ഗുണഭോക്താക്കളിൽ നിന്നും അധികം തുക വാങ്ങിയതിനും കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

ലഭ്യമാക്കിയിട്ടുണ്ട്.പ്രസ്തുത മറുപടിയിൽ 2014-15 വർഷത്തിൽ നടപ്പിലാക്കിയ ബയോ ഗ്യാസ് പ്ലാന്റ് ,പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് പദ്ധതികളിൽ പഞ്ചായത്ത് വിഹിതം പ്ലാൻ ഫണ്ട് വകയിരുത്തിയത് പ്രസ്തുത കാലയളവിലെ നിർവ്വഹണോദ്യേഗസ്ഥൻ അറിവില്ലായ്മ മൂലം മുഴുവൻ തുകയും നൽകുകയും ഇത് ബോധ്യപ്പെട്ട സാഹചര്യത്തിൽ 2016-17 വർഷത്തിൽ ടിഎസ് സി വിഹിതം മൂന്നാം ഗഡുവിൽ നിന്നും അധികം കുറച്ച് നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടുണ്ട്.അധികം വാങ്ങിച്ച ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾക്ക് തിരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ജി.ഒ.(എം.എസ്.)നം.4/2016 തസ്വഭവ തീ. 11.1.16 പ്രകാരം 2016-17 വാർഷിക പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7 വിഭവസമാഹരണവും വകയിരുത്തലും എന്നും ഉപഖണ്ഡിക(1)-ലെ കുറിപ്പ് പ്രകാരം ഒരു പ്രോജക്ടിന് അംഗീകാരം ലഭിച്ച ശേഷം അതിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിനങ്ങളിൽ മാറ്റം വരുത്താൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർവർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ഇല്ലാതെ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

അധികം വാങ്ങിയ തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതും ഗ്രാമപഞ്ചായത്തിന് അധികമായി ചെലവായ തുക ശുചിത്വമിഷനിൽ നിന്നും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 <u>സ്വയം തൊഴിൽ സംരംഭക പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.</u>

സ്വയം തൊഴിൽ സംരംഭത്തിന്റെ ഭാഗമായി 2016-17 വർഷം വനിത തൊഴിൽ സംരംഭം വനിത ഗ്രൂപ്പിന് ഹോട്ടൽ(പ്രൊജക്ട് നം 140/2017),സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ സ്ത്രീകളുടെ ഗ്രൂപ്പിന് ഗാർമെന്റ്സ് യൂണിറ്റ്(142/2017 spillover), സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ സ്ത്രീകളുടെ ഗ്രൂപ്പിന് ഗാർമെന്റ്സ് യൂണിറ്റ്(182/2017) എന്നീ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത വർഷം നടപ്പിലാക്കിയിട്ടില്ല.

ജി ഒ (എം എസ്) നമ്പർ 4/2016 തീയ്യതി 11-01-2016 ലെ ഉത്തരവ് 2016-17 വർഷത്തേക്കുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ് സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 11 ൽ മേഖലക്കുള്ള നിർദേശങ്ങളും നിബന്ധനകളും വ്യക്തമാക്കിയിട്ടുണ്ട്.ആയത് പ്രകാരം വിവിധ വിഷയമേഖലകൾക്കുള്ള പ്രത്യേക നിർദേശങ്ങളും നിബന്ധനകളും നൽകുകയും അവ പാലിച്ചുകൊണ്ടായിരിക്കണം ഓരോ മേഖലയിലേയും പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്.പ്രസ്തുത ഖണ്ഡികയിലെ ഉപ ഖണ്ഡിക 11.4ൽ iമുതൽ v വരെയും 11.5 ൽ i മുതൽ vi വരെയും വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾ, തൊഴിൽ പരിശീലനങ്ങൾ എന്നിവയെ കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം 2016-17 വർഷത്തിൽ മൂന്ന് സ്വയം തൊഴിൽ പരിശീലന

പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ഇവയിൽ ഒന്നു പോലും നടപ്പിലാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരം ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

## 3-3 എസ് എൽ ബി പി പദ്ധതി നടപ്പിലാക്കിയില്ല.

ജി ഒ (എം എസ്) നമ്പർ 4/2016 തസ്വഭവ തിയ്യതി 11-01-2016 തദ്ദേശഭരണം സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 11ൽ മേഖലകൾക്കുള്ള നിർദേശങ്ങളും നിബന്ധനകളും വ്യക്തമാക്കിയിട്ടുണ്ട്.ആയത് പ്രകാരം വിവിധ വിഷയമേഖലകൾക്കുള്ള പ്രത്യേക നിർദേശങ്ങളും നിബന്ധനകളും പാലിച്ചു കൊണ്ടായിരിക്കണം ഓരോ മേഖലയിലും പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതെന്നും നിർദേശിച്ചിട്ടുണ്ട്. ഖണ്ഡിക 11.2 (viii) ൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിക്ക് ആവശ്യമായ തദ്ദേശ ഭരണ സ്ഥാപന വിഹിതം ഗ്രാമപഞ്ചായത്ത് വകയിരുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിന്റെ വ്യത്യസ്ത ഗ്രാമസഭ മിനട്സുകൾ പരിശോധിച്ചതിൽ പ്രസ്തുത പദ്ധതികൾക്ക് വേണ്ടി ആവശ്യമുയർന്നിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല.പ്രസ്തുത പദ്ധതിയുടെ 25% മാത്രമേ ഗ്രാമപഞ്ചായത്ത് ചെലവഴിക്കേണ്ടതുള്ളൂ.ബാക്കി 25% സംസ്ഥാന വിഹിതമായി ലഭിക്കുന്നതാണ്.ഈ പദ്ധതിയുടെ 50% ഗുണഭോക്താവും വഹിക്കുന്നതാണ്.

2016-17 വാർഷിക പദ്ധതി സബ് സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ അനുബന്ധം 15 ഖണ്ഡിക 1.1 ൽ വ്യക്തിഗതമായ സബ് സിഡി ,ഗുണഭോക്താക്കൾ മുതൽ മുടക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് നൽകുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.കൂടാതെ ഖണ്ഡിക 1.2 ൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് പൂരകമായോ അനുപൂരകമായോ മുതൽ മുടക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഉല്പാദനമേഖലയിലെ വ്യക്തിഗത സബ്സിഡിയെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം 50% ഗുണഭോക്തൃവിഹിതം ആവശ്യമായ പ്രസ്തുത പദ്ധതി നടപ്പിലാക്കാത്തത് ഉചിതമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2016-17 വർഷത്തിൽ ക്ഷീരകർഷകർക്ക് പാലിന് സബ് സിഡി ഇനത്തിൽ എന്ന പദ്ധതി മാത്രമാണ് ഈ മേഖലയിൽ നടപ്പിലാക്കിയത്.കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുന്നതിലൂടെ ക്ഷീരവികസ രംഗത്തുണ്ടാവേണ്ട ഭാവി വികസനമാണ് ഉദ്ദേശിക്കുന്നത്.

## 3-4 തുടർ സാക്ഷരത -പദ്ധതി മാർഗ്ഗരേഖ പ്രകാരം തുക ചെലവഴിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ-ഹെഡ് മാസ്റ്റർ

പ്രൊജക്ട് -സാക്ഷരതാ പദ്ധതി

പ്രൊജക്ട് നമ്പർ-8/2017

ഫണ്ട് -വികസനഫണ്ട്

അടങ്കൽ - 50000

ചെലവ് - 39584

ബിൽ നമ്പർ -5/2016-17 തീയ്യതി 30-03-2017=18300

ബിൽ നമ്പർ -11/2016-17 തീയ്യതി 30-03-2017=21284

തുടർ സാക്ഷരത-അതുല്യം പദ്ധതി 2016-17 എന്ന പ്രൊജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി തുടർ വിദ്യാകേന്ദ്രങ്ങളിൽ ദിനാചരണങ്ങൾ,പഠനയാത്ര എന്നിവ നടത്തിയ വകയിൽ 21284 രൂപ സ്മിത സി ,കൺവീനർ സാക്ഷരതാ സമിതി എന്നവർക്ക് നൽകുകയും ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ 7-ാം ക്ലാസ് തുല്യത ദിനാചരണം എന്ന പദ്ധതി നടത്തിയതിന്റെ ഭാഗമായി 18300 രൂപ ചെലവഴിച്ചതിന്റേയും രേഖകൾ ഹാജരാക്കിയിട്ടുണ്ട്.2016-17 വർഷത്തേക്കുള്ള പദ്ധതി മാർഗ്ഗരേഖ സ.ഉ (എംഎസ്)നമ്പർ 4/2016 തസ്വഭവ തീയ്യതി 11-01-2016 ഖണ്ഡിക 11.6 -VII പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൻ കീഴിൽ സാക്ഷരത/തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവരുന്നതിന്റെ ഭാഗമായി സാക്ഷരത കേന്ദ്രങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രൊജക്ടുകൾ തയ്യാറാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ ക്ലാസുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരത മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും ഇവർ കേരള സംസ്ഥാന സാക്ഷരത മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും ഇവർ കേരള സംസ്ഥാന സാക്ഷരതാ മിഷന് അടയ്ക്കേണ്ട ഫീസും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദേശത്തിന് വിരുദ്ധമായി വികസനഫണ്ട് ചെലവഴിച്ചതിന്റെ ഉചിതമായ നടപടിയല്ല. തുടർ വർഷങ്ങളിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

## 3-5 എ ബി സി പദ്ധതി വിനിയോഗസാക്ഷ്യപത്രം -ഹാജരാക്കേണ്ടതാണ്.

2016-17 വർഷത്തിൽ വെറ്റിനറി സ്രുജൻ നിർവ്വഹണോദ്യേഗസ്ഥനായി താഴെ കൊടുത്ത പ്രകാരം മൃഗപ്രജനന നിയന്ത്രണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി ജില്ല പഞ്ചായത്തിന് തുക നൽകിയിട്ടുണ്ട്.

| ക്രമനം | പ്രൊജക്റ്റ് വിവരങ്ങൾ | ചെക്ക് നമ്പർ/ തീയ്യതി | തുക |
|---|---|---|---|
| 1 | എബിസി പദ്ധതി 176/2017 | 1144273 തീയ്യതി 27-02-17 | 100000 |

എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-6 മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കുന്നതിൽ കാലതാമസം -

## നിയമപരമായ പിഴ ഈടാക്കുന്നില്ല .

KPWDമാന്വലിലെ(ജിഒ(പി)13/2012/PWD/01.02.12)സെക്ഷൻ 2009.6 പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതും, നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതുമാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ പി.എ.സി. യുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാറുടമ്പടി വെക്കാവുന്നതാണ്. തുടർന്നും കരാർ വെയ്ക്കാതിരുന്നാൽ, കരാർ റദ്ദാക്കേണ്ടതും മാന്വലിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തൻ വർഷം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത കാലാവധിക്കകം കരാർ ചമച്ചില്ലെങ്കിലും നിയമപരമായ പിഴ ഈടാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ /പ്രവൃത്തിയുടെ പേര് | കരാറു കാരൻ | പി .എ. സി തുക | പിഴ കൂടാതെ കരാർ ചമക്കാൻ സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയ തീയതി | കരാറുകാരൻ കരാർ ചമച്ച തീയതി |
|---|---|---|---|---|---|
| 1 | 34 /17<br>മദ്രസ്സ മണക്കാട് റോഡ് റീ ടാറിംഗ് | കെ.പി.അഷ്റഫ് | 199606 | 13-01-17 | 28-01-17 |
| 2 | 70 /17<br>കൃഷി ഭവൻ കോൺഫറൻസ് ഹാൾ മെയിന്റനൻസ് | സുബൈർ.കെ.എസ് | 448456 | 12-01-2016 | 25-02-16 |
| 3 | 168 /17<br>ആയുർവേദ ആശുപത്രി പരിഷ്കരണം | നിജേഷ്.വി.വി | 310772 | 13/01/17 | 27/01/17 |
| 4 | 27 / 17<br>തേർത്തല മുക്കുട്ട റോഡ് | പ്രമോദ്.എൻ | 149574 | 13/01/17 | 23/01/17 |

| | | | | | |
|---|---|---|---|---|---|
| | പുനരുദ്ധാരണം | | | | |
| 5 | 124 /17<br>കാവിൻമൂല അംഗൻവാടി പുനരുദ്ധാരണം | രാജേഷ്.കെ | 133811 | 13/01/17 | 24/01/17 |
| 6 | 76 / 17<br>ചെങ്ങളായി പി.എച്ച്.സി. വെയിസ്റ്റ് ടാങ്ക് / റാംപ് നിർമ്മാണം | നിജേഷ്.വി.വി | 93909 | 02/08/16 | 27/08/16 |
| 7 | 78 / 17<br>കൊയ്യം ചെങ്ങളായി റോഡിൽ ബി.ടി പാച്ച് വർക്ക് | രാജേഷ്.കെ | 109233 | 10-08-16 | 27-08-16 |
| 8 | 59 / 17<br>മൊയാലം തട്ട് കുടിവെള്ള പദ്ധതി | നിജേഷ്.വി.വി | 228627 | 10-08-16 | 27-07-16 |
| 9 | 149 / 17 | മുഹമ്മദ് റാഷിദ് .എൻ.പി | 299754 | 13-01-17 | 24-01-2017 |
| 10 | 98 / 17 | ജെയിസൺ ജോൺ | 99788 | 13-01-17 | 24-01-2017 |

കരാർ വയ്ക്കുന്നതിനുള്ള കാലതാമസത്തിന് നിയമപരമായ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-7 പൂരിത പോഷകാഹാരമായ അമൃതംന്യൂട്രിമിക്സ് -യഥാസമയം ലഭിക്കുന്നില്ല

ആറ് മാസം മുതൽ മൂന്ന് വയസുവരെയുള്ള കുട്ടികൾക്ക് കുടുംബശ്രീ വിതരണം ചെയ്യുന്ന പൂരിത പോഷകാഹാരമായ അമൃതംന്യൂട്രിമിക്സ് 2016-17 വർഷത്തിൽ ഭാഗികമായി മാത്രമേ വിതരണം ചെയ്തിട്ടുള്ളു. ഗ്രാമപഞ്ചായത്തിൽ 37 അംഗനവാടികളിലായി 700 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിപണിയിൽ ലഭ്യമായ ബഹുരാഷ്ട്ര കമ്പനികളുടെ ഉല്പന്നങ്ങളിൽ നിന്നും വിഭിന്നമായി കൃത്രിമ ചേരുവകളില്ലാതെ കുട്ടികളുടെ ശാരീരിക മാനസിക വികാസത്തിനുതകുന്ന ധാന്യങ്ങൾ മാത്രം

ഉൾപ്പെടുത്തിയാണ് ന്യൂട്രിമിക്സ് തയ്യാറാക്കുന്നത്. നിലവിൽ ഗ്രാമപഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നത് ഓജസ് ന്യൂട്രിമിക്സ് യൂണിറ്റ് കുറുമാത്തൂർ എന്ന സ്ഥാപനമാണ്. പ്രസ്തുത സ്ഥാപനത്തിന് എല്ലാ മാസവും 5ാം തീയ്യതിക്ക് മുമ്പ് തന്നെ വിതരണ അറിയിപ്പ് നൽകുന്നുണ്ടെങ്കിലും സമയപരിധി പാലിച്ചു കൊണ്ട് ന്യൂട്രിമിക്സ് വിതരണം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് രജിസ്റ്റർ പരിശോധിച്ചതിൽ വിതരണ അറിയിപ്പ് നൽകിയതിന്റേയും ന്യൂട്രിമിക്സ് ലഭിച്ചതിന്റേയും വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | ലഭിച്ച തീയ്യതി |
|---|---|
| 1 | 18/4/16 |
| 2 | 27/5/16 |
| 3 | 30/7/16 |
| 4 | 5/9/16 |
| 5 | 19/10/16 |
| 6 | 5/1/17 |
| 7 | 3/2/17 |
| 8 | 6/3/17 |

ഇപ്രകാരം ന്യൂട്രിമിക്സ് സമയപരിധിക്കകം ലഭിക്കാത്തതുകൊണ്ട് തന്നെ 2016-17 വർഷം മൂന്ന് മാസം ന്യൂട്രിമിക്സ് ലഭിച്ചിട്ടില്ല. ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകളുടെ അടിസ്ഥാന മാനദണ്ഡം യൂണിറ്റുകളുടെ വൃത്തി, അടിസ്ഥാന സൗകര്യങ്ങൾ, പരിപാലനം, അസംസ്കൃത വസ്തുക്കളുടെ കൃത്യതയാർന്ന ഉപയോഗം, അമൃതം പൊടിയുടെ ഗുണപരമായ നിർമ്മാണം, സമയ ബന്ധിതമായ വിതരണം എന്നിവയാണ്. ന്യൂട്രിമിക്സ് കൃത്യമായി വിതരണം ചെയ്യാതിരിക്കുന്നതിൽ നിന്നും ഗവൺമെന്റ് ഉദ്ദേശിച്ച ലക്ഷ്യങ്ങൾ സഫലീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഗ്രാമ പഞ്ചായത്തിൽ 37 അങ്കണവാടികളിലും കൂടി പ്രതിമാസം 700ഓളം ഗുണഭോക്താകൾക്ക് ന്യൂട്രിമിക്സ് വിതരണം ചെയ്യേണ്ടതുണ്ട്.എന്നാൽ പഞ്ചായത്തിൽ ന്യൂട്രിമിക്സ് നൽകുന്ന ഓജസ് ന്യൂട്രിമിക്സ് യൂണിറ്റ് കുറുമാത്തൂർ എന്ന സ്ഥാപനം കൃത്യമായി സാധനം ലഭ്യമാക്കാത്തതിനാൽ വിതരണം തടസ്സപ്പെട്ടിട്ടുണ്ട്. എല്ലാ മാസവും 5-ാം തീയ്യതിക്കു മുൻപ് അടുത്ത മാസത്തെ സപ്ലൈ ഓഡർ നൽകുന്നുണ്ടെങ്കിലും 18/4/16,27/5/16,30/7/16,5/9/16,19/10/16,5/1/17,3/2/17,6/3/17 ഈ തീയ്യതികളിൽ മാത്രമാണ് സാധനം ലഭ്യമായിട്ടുള്ളത്. മൂന്ന് മാസം ന്യൂട്രിമിക്സ് ലഭ്യമായിട്ടില്ല. ന്യൂട്രിമിക്സ് കൃത്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു

## 3-8 ഐ.എ.വൈ ഭവന പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ 50,000രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നം. 200 /17-ഐ.എ.വൈ. അധിക വിഹിതം (പട്ടിക ജാതി)

അടങ്കൽ 3,00,000/-

ചെലവ് : വികസന ഫണ്ട് -ജനറൽ - 17000/-രൂപ-(ബിൽ നം.4 / 20-03-17) വികസന ഫണ്ട് - എസ്.സി.പി - 2,80,000/-രൂപ ( ബിൽ നം.5/ 20- 03-17)

തനത്ഫണ്ട് - 3000/-രൂപ (ചെക്ക് നം. 1144281 / 20-03-17 )

മേൽ പദ്ധതിയുടെ ഭാഗമായി തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമം പ്രകാരം 12 എസ്.സി. ഗുണഭോക്താക്കളുടെ വിഹിതമായി 25,000 രൂപ വീതം ആകെ 3,00,000/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽനിന്നും തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 22-06-17 ലെ 1065/15(2) നമ്പർ കത്തിൽ 2015-16 വർഷത്തെ പട്ടിക ജാതി ഗുണഭോക്താക്കൾക്ക് അധിക വിഹിതമായി നൽകിയ 3,00,000/- രൂപയും വിനിയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് വി.ഇ.ഒ സൂക്ഷിക്കുന്ന ഗുണഭോക്താക്കളുടെ രജിസ്ററർ പരിശോധിച്ചതിൽനിന്നും 9-ാം വാർഡിലെ ശ്രീമതി ഷൈമ. കെ , 16-ാം വാർഡിലെ ശ്രീമതി സപ്ന യു. എന്നീ ഗുണഭോക്താക്കൾക്ക് നാളിതുവരെ ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടില്ലായെന്ന് കണ്ടു. പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാതെ മുഴുവൻ തുകയ്ക്കും വിനിയോഗ സാക്ഷ്യപത്രം നൽകിയത് ശരിയായ നടപടിയല്ല. രണ്ട് ഗുണഭേക്താക്കളുടെ വിഹിതമായ 50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കിയ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 നീർത്തടവികസന പരിപാടി -ചെലവ് രേഖ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു

നീർത്തടവികസന പരിപാടിയുടെ ഭാഗമായി ചെങ്ങളായി ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള പരിപ്പായി,പാറക്കാടി നീർത്തട പരിപാലനത്തിനായി 2016-17 വർഷം താഴെ കൊടുത്ത പ്രകാരം പഞ്ചായത്ത് വിഹിതം കൃഷി ഓഫീസറുടെയും പ്രസിഡണ്ടിന്റേയും പേരിലുള്ള സംയുക്ത അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

| ക്രമനം | പ്രൊജക്ട് വിവരങ്ങൾ | ബിൽ നമ്പർ/തീയ്യതി | തുക |
|---|---|---|---|
| 1 | പാറക്കാടി നീർത്തട വികസനപദ്ധതിക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ-113/2017 , വികസനഫണ്ട്-304125 | 3/2016-17 തീയ്യതി 27-12-2016 | 304125 |

| | | | |
|---|---|---|---|
| 2 | പരിപ്പായി നീർത്തട വികസനപദ്ധതിക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ-112/2017 , വികസനഫണ്ട്-394750 | 2/2016-17 തീയ്യതി 27-12-2016 | 394750 |

പ്രൊജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (14/2016-17 dt 04-08-2017) മറുപടി ഹാജരാക്കിയിട്ടില്ല.പ്രൊജക്റ്റ് നടത്തിപ്പ് സംബന്ധിച്ച താഴെ കൊടുത്ത രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1.ക്യാഷ് ബുക്ക് ,ചെക്ക് ഇഷ്യു രജിസ്റ്റർ

2.ചെലവ് വൗച്ചറുകൾ

3.ഗുണഭോക്തൃസമിതി മിനുട്സ്,ബാങ്ക് അക്കൗണ്ട്സ് വിവരങ്ങൾ

4.എം ബുക്ക്

5.നീർത്തട ഗ്രാമസഭ മിനുട്സ്

6.പാസ് ബുക്ക്

മാത്രവുമല്ല ബന്ധപ്പെട്ട വാട്ടർ ഷെഡ് പദ്ധതികൾ ഏതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സംയുക്തമായിട്ടാണെങ്കിൽ അവയുടെ വിഹിതം ലഭ്യമാക്കിയതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 698875 രൂപ തടസപ്പെടുത്തുന്നു.

## 3-10 പച്ചക്കറി വികസന പദ്ധതി (സ്വാശ്രയം ഗ്രൂപ്പുകൾ)-അനുബന്ധരേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക തടസപ്പെടുത്തുന്നു

പച്ചക്കറി വികസന പദ്ധതി (സ്വാശ്രയം ഗ്രൂപ്പുകൾ) എന്ന പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് താഴെ കൊടുത്ത പ്രകാരം തുക പിൻവലിച്ച് അതാത് സ്വാശ്രയ ഗ്രൂപ്പുകളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയതിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്.

| ക്രമനം | പ്രൊജക്റ്റ് വിവരങ്ങൾ | ബിൽ നമ്പർ/ തീയ്യതി | തുക |
|---|---|---|---|
| 1 | പച്ചക്കറി വികസന പദ്ധതി(സ്വാശ്രയ ഗ്രൂപ്പുകൾ ) 119/2017 | 14/2016-17 തീയ്യതി 30-03-2017 | 54000 |

സ ഉ (എം എസ് ) നമ്പർ 4/2016 തസ്വഭവ തീയ്യതി 11-01-2016 ലെ സബ് സിഡി മാർഗ്ഗരേഖ സംബന്ധിച്ച ഭാഗത്ത് പച്ചക്കറി കൃഷി നടത്തുന്നതിന് കൃഷി ഗ്രൂപ്പുകൾക്ക് സബ് സിഡി നൽകാവുന്നതാണ്.എന്നാൽ പ്രസ്തുത ഗ്രൂപ്പ് ,സ്ഥലമുടമ പാട്ടകൃഷി ചെയ്യുന്നതിന് സമ്മതപത്രവും ബന്ധപ്പെട്ട ഗ്രൂപ്പ് കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റും ഹാജരാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അനുബന്ധരേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(12/2016-17 dt 04-08-17) മറുപടി

ഹാജരാക്കിയിട്ടില്ല. തുക ലഭിച്ച ഗ്രൂപ്പുകൾ കൃഷി ചെയ്തുവെന്ന് തെളിയിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 54000 രൂപ തടസപ്പെടുത്തുന്നു.

## 3-11 സാമൂഹ്യസുരക്ഷ പെൻഷൻ തിരിച്ചുവരവ് വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

2015-16,2016-17 വർഷങ്ങളിൽ താഴെ കൊടുത്ത പ്രകാരം വിവിധ ക്ഷേമപെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട്.

2015-16 പെൻഷൻ

| പെൻഷൻ ഇനം | പെൻഷൻ കൈപ്പറ്റുന്നവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 753 | 6943260 |
| വിധവ പെൻഷൻ | 1143 | 1295280 |
| വാർദ്ധക്യകാല പെൻഷൻ | 1261 | 10939800 |
| വികലാംഗപെൻഷൻ | 348 | 4118860 |
| അവിവാഹിത പെൻഷൻ | 44 | 502720 |

2016-17 പെൻഷൻ

| പെൻഷൻ ഇനം | പെൻഷൻ കൈപ്പറ്റുന്നവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 728 | 7004000 |
| വിധവ പെൻഷൻ | 1227 | 15787920 |
| വാർദ്ധക്യകാല പെൻഷൻ | 1663 | 18817745 |
| വികലാംഗപെൻഷൻ | 364 | 3486150 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 50 | 570260 |

ഗ്രാമപഞ്ചായത്ത് വിതരണം ചെയ്യുന്ന ക്ഷേമപെൻഷനുകൾ 36 ബാങ്കുകളിലൂടെയാണ് നിലവിൽ വിതരണം ചെയ്യുന്നത്. 2015-16 വർഷത്തിൽ 3548 പേർക്കും 2016-17 വർഷത്തിൽ 4032 പേർക്കും ക്ഷേമപെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ പ്രസ്തുത ഗുണഭോക്താക്കളുടെ മരണവും മറ്റ് കാരണങ്ങളാലോ ക്ഷേമപെൻഷനുകൾ ഗുണഭോക്താക്കൾക്ക് നൽകാൻ കഴിയാതെ വന്നാൽ ബന്ധപ്പട്ട ബാങ്കുകൾ നിലവിൽ ഗ്രാമപഞ്ചായത്തിനെ അറിയിക്കുന്നില്ല.അതുകൊണ്ട് തന്നെ ഇപ്രകാരം ബന്ധപ്പെട്ട ഗുണഭോക്താവ് കൈപ്പറ്റാത്ത തുകയുടെ നിജസ്ഥിതി ഗ്രാമപഞ്ചായത്തിന് ലഭ്യമല്ല.

2015-16,2016-17 വർഷങ്ങളിൽ കുടംബശ്രീ നടത്തിയ വിവരശേഖരണത്തിന്റേയും പെൻഷൻ സത്യപ്രസ്താവന ശേഖരണം വഴിയും വാർഡ് മെമ്പർമാർ, വാർഡ് എൽ ഡി സി തുടങ്ങിയവർ മുഖേന ലഭ്യമായ വിവരങ്ങൾ പ്രകാരം സേവന സോഫ്റ്റ് വെയറിൽ പെൻഷൻകാരുടെ മരണം, മറ്റ് ഗ്രാമപഞ്ചായത്തിലേക്ക് താമസം മാറിയത് തുടങ്ങിയ വിവരങ്ങൾ ചേർത്ത് പരിഷ്ക്കരിക്കുന്നുണ്ടെന്ന വിവരമാണ് ലഭ്യമാക്കിയത്. 2016-17 വർഷത്തിൽ പെൻഷൻകാരുടെ ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങിച്ചിട്ടില്ല.

## 3-12 രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ പദ്ധതി :തുക സമയബന്ധിതമായി ഉപയോഗിക്കുന്നില്ല.

ഭാരത സർക്കാരിന്റെ പഞ്ചായത്തി രാജ് മന്ത്രാലയം നടപ്പിലാക്കുന്ന രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ) പദ്ധതി പ്രകാരം,പഞ്ചായത്ത് ഡയറക്ടറുടെ 16-12-16 ലെ ജെ 1-716 / 13(3) നം. ഉത്തരവ് പ്രകാരം 15,00,000/- രൂപ ഗ്രാമപഞ്ചായത്തിന് ഓഫീസ് കെട്ടിടം പണിയുന്നതിനായി ലഭിച്ചിട്ടുണ്ട്.

.പ്രസ്തുത ഉത്തരവിൽ ലഭിച്ച തുക ആർ.ജി.പി.എസ്.എ മാർഗ്ഗരേഖകൾക്കും നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾക്കും വിധേയമായി 31-03-17 നകം ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണെന്നും , തുകയ്ക്ക് പ്രത്യേക കണക്കുകൾ അതാത് പഞ്ചായത്തുകൾ സൂക്ഷക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് ഓഫീസ് കെട്ടിടം നിർമ്മിക്കുവാൻ ലഭിച്ച തുക സത്വരമായി വിനിയോഗിക്കേണ്ടതാണ്.

## 3-13 പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ - വി.ഇ.ഒ.

ഗ്രാമപഞ്ചായത്തിൽ വിവധ വർഷങ്ങളിൽ താഴെ പട്ടികയിൽ കൊടുത്ത ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനുള്ള ധനസഹായത്തിന്റെ ആദ്യ ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത

ഭവനങ്ങൾ നാളിതുവരെയായി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കരാർ വെച്ച വർഷം | ആകെ നൽകിയ തുക | നൽകാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | കല്ലക്കുടിയൻ കാഞ്ഞൻ അരിമ്പ്ര ചെങ്ങളായി | 2009-10 | 30000 | 30000 |
| 2 | കെ പാറു കൊയിലേരിയൻ വളക്കൈ | 2011-12 | 30000 | 170000 |
| 3 | മീനാക്ഷി വി | 2011-12 | 70000 | 130000 |
| 4 | ആശ അനൂപ് | 2011-12 | 30000 | 30000 |
| 5 | സി കൃഷ്ണൻ | 2009-10 | 30000 | 70000 |
| 6 | പ്രീത കെ ,കല്ലക്കുടിയൻ | 2013-14 | 140000 | 60000 |
| 7 | കല്ലക്കുടിയൻ രമണി | 2012-13 | 140000 | 60000 |
| 8 | മടക്കുടിയൻ ബാലൻ | 2012-13 | 140000 | 60000 |
| 9 | രാധ കല്ലേൻ | 2012-13 | 180000 | 20000 |
| 10 | ചേരൻ രമണി | 2013-14 | 140000 | 60000 |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 ഭവനപുനരുദ്ധാരണത്തിന് ആദ്യ ഗഡുക്കൾ കൈപ്പറ്റി നാളിതുവരെയായി പ്രവൃത്തി പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2012-13 വർഷത്തിൽ ഭവനപുനരുദ്ധാരണത്തിനായി ആദ്യ ഗഡു തുക കൈപ്പറ്റുകയും എന്നാൽ നാളിതുവരെയായി പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പേര് | കൈപ്പറ്റിയ തുക | നൽകാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | നാരായണൻ വെള്ളക്കുടിയൻ | 12500 | 12500 |

| | | | |
|---|---|---|---|
| 2 | വെള്ളക്കുടിയൻ നാരായണി | 12500 | 12500 |

മേൽ കൊടുത്ത ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രൊജക്ടിന്റെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ആകെ തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| ശുചിത്വമിഷൻ | 2016-17 | പൈപ്പ് കമ്പോസ്റ്റ് | 0 | 244440 | 244440 | 228798 | 15642 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2016-17 | ആലുവച്ചകരി ഗ്യാസ് ചൂള നിർമ്മാണം | 0 | 1600000 | 1600000 | 0 | 1600000 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2016-17 | നെൽകൃഷി വികസനം | 0 | 150000 | 150000 | 0 | 150000 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2016-17 | സാന്ത്വന പരിചരണം | 59976 | 100000 | 159976 | 50900 | 109076 |
| തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | വിവരം ലഭ്യമല്ല | മുൻ വർഷങ്ങളിൽ എസ്.സി ഭവന നിർമ്മാണ ത്തിന് ലഭിച്ചത് | 2102106 | 0 | 2102106 | 0 | 2102106 |

| | | | | | | | |
|---|---|---|---|---|---|---|---|
| തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 2016-17 | അംഗൻവാടി പോഷകാഹാര പദ്ധതി | 416166 | 1575144 | 1991310 | 1174294 | 817016 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | വിവരം ലഭ്യമല്ല | മുൻ വർഷങ്ങളിൽ ഭവന പുനരുദ്ധാരണത്തിന് ലഭിച്ചത് | 3043797 | | | | 3043797 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ്.ഭവന പദ്ധതി | സ.ഉ.(സാ.ധ)നം.274 / 2010 /27-01-10 | 16296000 | 6525500 | 1629600 | 4895900 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപമിനത്തിൽ ഉണ്ടായിട്ടുള്ള തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന | 2785318 |

| | |
|---|---|
| സ്ഥിരനിക്ഷേപം | |
| തൻവർഷം നിക്ഷേപിച്ച തുക | 255792 |
| ആകെ | 3041110 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്നസ്ഥിരനിക്ഷേപം | 3041110 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ(ഷെയറുകൾ ഉൾപ്പെടെ) വിവരം ചുവടെ കൊടുക്കുന്നു

(എ) ഷെയർ സർട്ടിഫിക്കറ്റ്

മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ 52 ബി ക്ലാസ് ഷെയറുകൾ

(ഷെയർ സർട്ടിഫിക്കറ്റ് നം. 201 / 16-11-2004----തുക 20000/- രൂപ)

( ബി)സ്ഥിരനിക്ഷേപം

| ക്ര നം. | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | കൊയ്യം സർവ്വീസ് സഹകരണ ബാങ്കിന്റെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നമ്പർ.6340 / 22-03-2015 (20-12-16 ന് ഒരു വർഷത്തേക്ക് പുതുക്കി ,കാലാവധി -20-12-17) | 1163860 |
| 2 | കൊയ്യം സർവ്വീസ് സഹകരണ ബാങ്കിന്റെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നമ്പർ.6649 / 23-03-2016 (23-03-17 ന് ഒരു വർഷത്തേക്ക് പുതുക്കി ,കാലാവധി -23-03-18) | 764750 |
| 3 | ചുഴലി സർവ്വീസ് സഹകരണ ബാങ്കിന്റെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നമ്പർ.3954 / 22-03-2016 (22-03-17 ന് ഒരു വർഷത്തേക്ക് പുതുക്കി ,കാലാവധി -22-03-18) | 1092500 |
| ആകെ | | 3021110 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11405 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1 | 2005-06 | 3-1, 3-2 | 11405 | ശ്രീ.ബാലകൃഷ്ണൻ കൊല്ലിശ്ശേരി,റിട്ട. സെക്രട്ടറി | 11604100410 / 12-04-2016 |
| ആകെ | | | 11405 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50776604 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48000524 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 802875 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തടസപ്പെടുത്തിയ | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | തുക | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 50000 | ശ്രീ ശശീന്ദ്രൻ പി കെ ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 698875 | ബിജു ജോസഫ്,കൃഷി ഓഫീസർ |
| 3-10 | 54000 | ബിജു ജോസഫ്,കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 2000-01 (പദ്ധതി ചെലവ്) | എൽ.എഫ്./കെ.എൻ.ആർ-സി 1/203/2009 /(05)30-06-2009 | 1 |
| 2002-03 | എൽ.എഫ്./കെ.എൻ.ആർ-സി 1/203/2009 /(07)30-06-2009 | 1 |
| 2003-04 | എൽ.എഫ്./കെ.എൻ.ആർ-സി 6/1472/13(1) 04-02-2014 | 5 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്./കെ.എൻ.ആർ-സി 6/1472/13(2) 04-02-2014എൽ.എഫ്./കെ.എൻ.ആർ-സി 6/1472 /13(2), 04-02-2014 | 4 |
| 2005-06 | എൽ.എഫ്./കെ.എൻ.ആർ-സി 6/1472/13(3) 04-02-2014 | 8 |
| 2006-07 | എൽ.എഫ്./കെ.എൻ.ആർ-സി 1/834/10, 05-06-2012 | 11 |
| 2007-08 | എൽ.എഫ്./കെ.എൻ.ആർ-സി 1/835/10, 09-01-2012 | 14 |
| 2008-09 | എൽ.എഫ്./കെ.എൻ.ആർ-സി6/224/14, 18-03-2014 | 16 |
| 2009-10 | എൽ.എഫ്./കെ.എൻ.ആർ-സി 6/607/15(1), 30-07-2015 | 6 |
| 2010-11,2011-12 | എൽ.എഫ്./കെ.എൻ.ആർ-സി 6/1647/13, 18-02-2014 | 17 |
| 2012-13 | എൽ.എഫ്./കെ.എൻ.ആർ-സി 6/1288/15, 1-04-2016 | 6 |
| 2013-14, 2014-15 | എൽ.എഫ്./കെ.എൻ.ആർ-സി 6/1335/16, 29-07-2016 | 2 |
| 2015-16 | കെഎസ്എ.കെഎൻആർ.സി3/2817/2016 തീയ്യതി 07-02-2017 | 20 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Appendix 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ .എസ്.എ. കെ എൻ ആർ/സി.3/1417/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ

ഫോൺ: 0497 2707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തിയ്യതി: 20.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ധേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെങ്ങളായി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ

സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

AUDIT CERTIFICATE

No.KSA/KNR/C.3/1417/2017

Kerala State Audit Department,

District Audit Office, Kannur,

Phone 0497 2707698

E-Mail: doknr.ksad@kerala.gov.in

Date 20.09.2017

Certified that I have audited the Annual Financial Statement of Chengalayi Gramapanchayat in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Chengalayi Gramapanchayat for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR

# Appendix 2

# Income & Expenditure statement

Chengalayi Grama Panchayath

Income & Expenditure statement

For the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | 1-1 | 4056763 |
| 140000000 | Fee &User charges | 1-4(b) | 475984 |
| 150000000 | Sale &Hire Charges | 1-5(b) | 733638 |
| 151000000 | Receipts from Transferred Institutions | 1-5(a) | 250 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 88799897 |
| 170000000 | Income from Investments | I-7 | 255792 |
| 170000000 | Interest Earned | 1-8 | 91374 |
| 180000000 | Other Income | 1-9 | 400183 |

| | | | |
|---|---|---|---|
| A | Total Income | | 94813881 |
| Expenditure | | | |
| 210000000 | EstablishmentExpenses | 1-10(b) | 8512513 |
| 220000000 | Administrative Expenses | 1-11(b) | 822407 |
| 230000000 | Operations &Maintanance | 1-12(b) | 1087468 |
| 240000000 | Interest &Finance Charges | 1-13 | 1611 |
| 250000000 | Decentralised Plan programme – Productive Sector | 1-14 | 7533898 |
| 2510000000 | Decentralised Plan programme – Service Sector | 1-14(a) | 24777979 |
| 2520000000 | Decentralised Plan programme – Infrastructure Sector | 1-14(b) | 261824 |
| 253000000 | Decentralised Plan programme – Projects not included in Sector Division | 1-14(c) | 127697 |
| 254000000 | Expenditures of Transferred Institutions &State Sponsored Schemes | 1-14(d) | 46362555 |
| 255000000 | Maintanance Projects | 1-14(e) | 4401020 |
| 256000000 | Other Revenue Grants and Funds – Revenue Expenses | 1-15(a) | 176717 |
| 272000000 | Depreciation | 1-17(a) | 2858059 |
| B | Total - Expenditure | | 96923748 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | (-2109867) |
| 280000000 | Prior period Item | 1-18 | (-70564) |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | (2039303) |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

.

# Appendix 3

# Receipt And Payment Statement

Chengalayi Grama Panchayath

Receipt And Payment Statement

For the period from 01 April 2016 to 31 March 2017

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 22358181 |
| | Cash | RP-40(a) | 58234 |

| | | | |
|---|---|---|---|
| | Receipts | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | 937650 |
| 140000000 | Fees &User Charges | RP- 4 | 400124 |
| 150000000 | Sale &Hire Charges | RP- 5 | 698538 |
| 151000000 | Receipts from Trasferred Institutions | RP- 6 | 250 |
| 160000000 | Revenue Grants ,Funds,Contributions &Compensations | RP- 7 | 10466964 |
| 171000000 | Interest Earned | RP- 9 | 91374 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 29259853 |
| 350000000 | Other Liabilities | RP-36 | 4386699 |
| Non Operating | | | |
| 180000000 | Other Income | RP- 10 | 133332 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-29 | 35150 |
| 340000000 | Deposits Received | RP- 34 | 672310 |
| 341000000 | Deposits works | RP- 35 | 30000 |
| 350000000 | Other Liabilities | RP- 36 | 797041 |
| 431000000 | Sundry Debtors(Receivables) | RP- 43 | 2974319 |
| 460000000 | Loans,Advances and Deposits | RP- 47 | 40000 |
| Grand Total | | | 73193019 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2871903 |
| 220000000 | Administrative Expenses | RP-12 | 821809 |
| 230000000 | Operatations &Maintanance | RP-13 | 1087468 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 2533216 |
| 251000000 | Decentralised plan programme – Service | RP-16 | 13175730 |

| | | | |
|---|---|---|---|
| | Sector | | |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 261824 |
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 127697 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 696480 |
| 255000000 | Maintanance Projects | RP-20 | 4401020 |
| 256000000 | Other Revenue Grants and Funds-Revenue Expenses | RP-21 | 176717 |
| 280000000 | Prior period Item | RP-26 | -22859 |
| 320000000 | Grants,Funds &Contributions for Specific Purposes | RP-31 | 27290 |
| 350000000 | Other Liabilities | RP-36 | 9633786 |
| Non Operating | | | |

| | | | |
|---|---|---|---|
| 240000000 | Interest &Finance Charges | RP-14 | 1611 |
| 330000000 | Secured Loans | RP-32 | 1629600 |
| 311000000 | Earmarked Funds | RP-29 | 583730 |
| 340000000 | Deposits Received | RP-34 | 684580 |
| 341000000 | Deposits works | RP-35 | 3000 |
| 350000000 | Other Liabilities | RP-36 | 2090636 |
| 410000000 | Fixed Assets | RP-38 | 7055286 |
| 460000000 | Loans,Advances and Deposits | RP-47 | 160000 |
| | Closing Balance | | |
| | Bank | RP-40(b) | 25124532 |
| | Cash | RP-40(b) | 67963 |
| Grand Total | | | 73193019 |

# Appendix 4

## Balance Sheet

CHENGALAYI GRAMA PANCHAYATH

Balance Sheet

As on 31 March, 2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | Liabilities | | |
| | Reserve &surplus | | |

| | | | |
|---|---|---|---|
| 310000000 | Panchayat Funds | B-1 | 12674297.12 |
| 311000000 | Earmarked Funds | B-2 | 683317.00 |
| 312000000 | Reserves | B-3 | 39682805.00 |
| | Total Reserve &surplus | | 53040419.12 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 11899687.00 |
| | Total Grants,Funds &Contributions for Specific Purposes | | 11899687.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 4895900.00 |
| | Total Loans | | 4895900.00 |
| | Current Liabilities and Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 139800.00 |
| 350000000 | Other Liabilities | B-9 | 10115741.88 |
| | Total Current Liabilities and Provisions | | 1155541.88 |
| | TOTAL LIABILIITIES | | 70991548.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 44163237.00 |
| 411000000 | Accumulated Depreciation | B-11 | -8544838.00 |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 35618399.00 |
| | INVESTMENTS | | |
| 420000000 | Investments | B-12 | 3041110.00 |

| | | | |
|---|---|---|---|
| | Current Assets,Loans and Advances | | 3041110.00 |
| 431000000 | Sundry Debtors (Receivables) | B-15 | 2345910.00 |
| 440000000 | Pre-paid Expenses | B-16 | 4793434.00 |
| 450000000 | Cash and Bank balance | B-17 | 25192495.00 |
| 460000000 | Loans,Advances and Deposits | B-18 | 200.00 |
| | Total Current Assets,Loans and Advances | | 32332039.00 |
| | Total Assets | | 70991548.00 |